# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 111

13.12.2012ൽ മറുപടിയ്ക്ക്

### സാങ്കേതിക പഠന മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ. എ. ഖാദർ<br>,, സി. മമ്മൂട്ടി<br>,, പി.ബി.അബ്ദുൾ റസാക്ക്<br>,, സി. മോയിൻകുട്ടി | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>((ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)) |
| എ സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യത്തിനുണ്ടായിട്ടും ഇവിടത്തെ വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽ അഡ്മിഷൻ തേടി പോകുന്നതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ ഇല്ലെങ്കിൽ അതേക്കുറിച്ച് പഠിക്കാൻ നിർദ്ദേശം നല്കുമോ; | എ വിശകലനം ചെയ്തിട്ടില്ല.പരിശോധിക്കുന്നതാണ്. |
| ബി സാങ്കേതിക പഠന മേഖലയിൽ ഉണ്ടായിട്ടുള്ള പാകപ്പിഴകൾക്ക് കാരണമെന്തെന്ന് വ്യക്തമാക്കുമോ ; | ബി സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭൂരിഭാഗവും സ്വാശ്രയ മേഖലയിലാണ് പ്രവർത്തിക്കുന്നത്. പല സ്വാശ്രയ സ്ഥാപനങ്ങളിലും എ ഐ സി ടി ഇ നിഷ്കർഷിക്കുന്ന പ്രകാരമുള്ള യോഗ്യരായ അദ്ധ്യാപകരുടെ കുറവുണ്ട്.ചുരുക്കംചില സ്വാശ്രയ സ്ഥാപനങ്ങളിൽ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളുടെ അപര്യാപ്തതയും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| സി | സ്വാശ്രയ മേഖലയിലെ സ്ഥാപനങ്ങളിൽ ആവശ്യത്തിന് സൗകര്യങ്ങളുണ്ടോ എന്നും പരിചയ സമ്പന്നരും യോഗ്യരുമായ അദ്ധ്യാപകരുണ്ടോ എന്നും ഇതോടനുബന്ധിച്ച് പരിശോധിക്കുമോ ? | സി | WPC.No.31420/2010 ൽ 16-11-10 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിക്കെതിരായുള്ള റിട്ട് അപ്പീലിൻമേൽ 18-1-2012 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം സംസ്ഥാനത്തെ സ്വകാര്യ എൻജിനീയറിഗ് കോളേജുകൾ സന്ദർശിച്ച് അവിടുത്തെ കെട്ടിടങ്ങൾ ലാബ് ലൈബ്രറി മുതലായ ഭൌതിക സൌകര്യങ്ങൾ അദ്ധ്യാപകരുടെ യോഗ്യത മുതലായവ വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി.സംസ്ഥാനത്തെ ചില സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും കാര്യത്തിൽ AICTE നിഷ്കർഷിയ്ക്കുന്ന സേവന-വേതന വ്യവസ്ഥകൾ പാലിയ്ക്കുന്നില്ലെന്നും യോഗ്യതയുള്ള അദ്ധ്യാപകരുടെ എണ്ണം AICTE മാനദണ്ഡപ്രകാരം ഇല്ലെന്നും പ്രസ്തുത കമ്മിറ്റി വിലയിരുത്തുകയുണ്ടായി. ചില എഞ്ചിനീയറിംഗ് കോളേജുകളിൽ ഭൌതീക സൗകര്യങ്ങളുടെ അപര്യാപ്തതയുള്ളതായും കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.സർക്കാർ റിപ്പോർട്ട് വിശദമായി പരിശോധിച്ചു. അപാകതകൾ ചൂണ്ടിക്കാണിക്കപ്പെട്ട |

കോളേജ് മാനേജ്മാനേജ്മെന്റുകളെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചു വരുത്തി ചർച്ച നടത്തുകയും അപാകതകൾ എത്രയുംവേഗം പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും കർശനമായ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാമേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ